അവയവം മാറ്റിവയ്ക്കലിന് വിധേയരായവർക്ക് അനുകമ്പാർഹമായ കാരണങ്ങളാൽ സ്ഥലംമാറ്റത്തിന് ഇളവ് അനുവദിച്ചിട്ടുണ്ട് (ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.).*

ജോലിഭാരം ഏകീകരിക്കുന്നതിന്റെ ഭാഗമായി ഉദ്യോഗസ്ഥ ഭരണ വകുപ്പിന്റെ പഠന റിപ്പോർട്ട്

36 (3063) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജോലിഭാരം ഏകീകരിക്കുന്നതിന്റെ ഭാഗമായി ഉദ്യോഗസ്ഥ ഭരണവകുപ്പിന്റെ പഠന റിപ്പോർട്ട് തയ്യാറാക്കിയ സമിതിയിലെ ഐ.എ.എസ്. അല്ലാത്ത ഉദ്യോഗസ്ഥർ ആരെല്ലാമെന്നറിയിക്കുമോ?

പൊതുഭരണ വകുപ്പ്, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിമാരുടെ മേൽനോട്ടത്തിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിലെയും പൊതുഭരണ വകുപ്പിലെയും ഉദ്യോഗസ്ഥരെയാണ് റിപ്പോർട്ട് തയ്യാറാക്കാൻ നിയോഗിച്ചത്.

(ബി) പ്രസ്തുത ഉദ്യോഗസ്ഥരിൽ എത്രപേർക്ക് ഇത്തരത്തിൽ പഠനം നടത്തുന്നതിൽ പരിശീലനം ലഭിച്ചിട്ടുണ്ടെന്നറിയിക്കാമോ?

സർക്കാരിന്റെ പ്രവൃത്തി പഠന വിഭാഗമായ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പാണ് പഠനം നടത്തിയത്. പ്രവൃത്തി പഠനം നടത്താൻ മറ്റുള്ളവർക്കാവശ്യമായ പരിശീലനം നൽകിയാണ് നിയോഗിച്ചത്.

(സി) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സർക്കാർ സർവ്വീസിലെ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിലേയ്ക്ക് റിസർവ് ചെയ്യുന്ന തസ്തികകളിൽ നിയമനം വരെയുള്ള കാര്യങ്ങൾ നോക്കുന്ന എംപ്ലോയ്മെന്റ് സെൽ (ബി) വകുപ്പിന്റെ റിപ്പോർട്ട് തയ്യാറാക്കിയ ഉദ്യോഗസ്ഥർ ആരെല്ലാം; ആയത് തയ്യാറാക്കാൻ ഉപയോഗിച്ച മാനദണ്ഡം എന്താണ്; വിശദമാക്കാമോ;

(ഡി) പ്രസ്തുത റിപ്പോർട്ടിന്റെ കരടിന്മേൽ എംപ്ലോയ്മെന്റ് സെൽ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരുന്നോ; പരിശോധന സംബന്ധിച്ച റിപ്പോർട്ടിന്റെ എംപ്ലോയ്മെന്റ് സെൽ വകുപ്പിന്റെ നോഡൽ ഓഫീസർ ആരായിരുന്നു; വിശദാംശം ലഭ്യമാക്കാമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പൊതുഭരണ (എംപ്ലോയ്മെന്റ് സെൽ (ബി)) വകുപ്പ് നിർത്തലാക്കാൻ ശിപാർശ ചെയ്ത ഐ.എ.എസ്. അല്ലാത്ത ഉദ്യോഗസ്ഥൻ ആരാണ്; കമ്മിറ്റിയിലെ ഏതെങ്കിലും ഉദ്യോഗസ്ഥൻ മുൻപ് എംപ്ലോയ്മെന്റ് സെല്ലിൽ ജോലി നോക്കിയിരുന്നോ; ഏത് കാലഘട്ടത്തിൽ; അറിയിക്കാമോ;

(എഫ്) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽ അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികളെ സഹായിക്കുന്ന എംപ്ലോയ്മെന്റ് സെൽ (ബി) വകുപ്പ് നിലവിലെ രൂപത്തിൽ നിലനിർത്താൻ നടപടി സ്വീകരിക്കുമോ?

(സി-എഫ്) സെക്രട്ടേറിയറ്റിൽ ഇ-ഓഫീസ് സംവിധാനം നടപ്പാക്കിയ പശ്ചാത്തലത്തിൽ പൊതുഭരണ സെക്രട്ടേറിയറ്റിലെ ഓരോ വകുപ്പിലേയും സെക്ഷനുകളിലേയും സെക്ഷനുകളിലെ സീറ്റുകളിലേയും ജോലിഭാരം നിർണ്ണയിച്ച് ശാസ്ത്രീയമായി ക്രമീകരിക്കുന്നതിനാണ് പഠനം നടത്തിയത്. ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിലെ പ്രവൃത്തി പഠന സംഘം ഓരോ സെക്ഷനിലേയും സീറ്റിലേയും ജോലിഭാരം വിശകലനം ചെയ്ത് കരട് റിപ്പോർട്ട് തയ്യാറാക്കി പ്രവൃത്തി പഠന സമിതിക്ക് നൽകിയിരുന്നു. ഓരോ വകുപ്പിലും ഇതിനായി നിയമിച്ച നോഡൽ ഓഫീസർമാരുമായി സമിതി കരട് റിപ്പോർട്ട് വീണ്ടും ചർച്ച ചെയ്താണ് അന്തിമ റിപ്പോർട്ട് തയ്യാറാക്കിയത്. എല്ലാ വകുപ്പിലേയും ജോലിഭാരം ഏകീകരിച്ച് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനാണ് പഠനം നടത്തിയത്. ഇത്തരത്തിൽ വിശദമായ ഫീൽഡ് പഠനത്തിനുശേഷം തയ്യാറാക്കിയ പ്രവൃത്തി പഠന റിപ്പോർട്ടിന് മന്ത്രിസഭാ യോഗമാണ് അംഗീകാരം നൽകിയത്.

ഭിന്നശേഷിക്കാരായ ജീവനക്കാർക്ക് പ്രൊമോഷനിൽ സംവരണം

37 (3064) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാരായ ജീവനക്കാർക്ക് പ്രൊമോഷനിൽ സംവരണം ഏർപ്പെടുത്തണമെന്ന് 2016-ലെ രാജീവ് ഗൂപ്ത കേസ്സിൽ ബഹു. സുപ്രീം കോടതി നൽകിയ ഉത്തരവ് കേരളത്തിൽ നടപ്പാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്നതിനുവേണ്ടി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

(എ&ബി) ബഹു. സുപ്രീംകോടതി ഉത്തരവ് നടപ്പിലാക്കുന്നതിനായി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ വിവിധ വകുപ്പുകളുടെ യോഗം ചേരുകയും അതിന്റെ അടിസ്ഥാനത്തിൽ അഫിഡവിറ്റ് കോടതിയിൽ ഫയൽ ചെയ്തിട്ടുമുണ്ട്.